**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1263 30.01.2018-ൽ മറുപടിക്ക്**

## ഹയർ സെക്കണ്ടറി ബാച്ചുകൾ

1

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.അബ്ദുൽ ഹമീദ് പി.** | | **പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) പല ജില്ലകളിലും പ്രത്യേകിച്ച് മലബാർ മേഖലയിൽ എസ്.എസ്.എൽ.സി. പാസാകുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി ഹയർ സെക്കണ്ടറി ബാച്ചുകൾ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മലബാർ മേഖലയിൽ എസ്.എസ്.എൽ.സി പാസാകുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി ഹയർ സെക്കന്ററി ബാച്ചുകൾ ഇല്ല എന്ന ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, പോളിടെക്നിക്ക്, ഐ.റ്റി.ഐ/ ഐ.റ്റി.സി എന്നിവ ഉൾപ്പെടെ മലബാർ മേഖലയിൽ എസ്.എസ്.എൽ.സി പാസാകുന്ന വിദ്യാർത്ഥികളുടെ ഉപരിപഠന സാധ്യത സർക്കാർ ഉറപ്പ് വരുത്തിയിട്ടുണ്ട്. ഇതിനുപുറമെ സർക്കാർ/എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ മാർജിനൽ സീറ്റ് വർദ്ധനവും അനുവദിച്ച് വരുന്നുണ്ട്. ഈ വർഷം അടിസ്ഥാന സൗകര്യമുള്ള സർക്കാർ/ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ വീണ്ടും 10% മാർജിനൽ സീറ്റ് വർദ്ധനവും അനുവദിച്ചിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | (ബി) | വിവിധ കോടതിവിധികളുടെ വെളിച്ചത്തിൽ സർക്കാർ സംസ്ഥാനത്തെ ഹയർ സെക്കന്ററി വിദ്യാഭ്യാസ ആവശ്യകത ശാസ്ത്രീയമായി കണ്ടെത്തി അതിന്റെ അടിസ്ഥാനത്തിൽ യുക്തമായ തീരുമാനമെടുത്തു വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ.**